പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3291

10.12.2018 ൽ മറുപടിയ്ക്ക്

## കാണം ഭൂമിക്ക് പട്ടയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കാണം ഭൂമിയ്ക്ക് കൈവശക്കാരന് പൂർണ്ണ ഉടമസ്ഥാവകാശം ഉണ്ടെങ്കിലും ലാന്റ് ട്രൈബൂണലിൽ പോയി പട്ടയം വാങ്ങി വരുവാൻ വില്ലേജ് ഉദ്യോഗസ്ഥർ ഭൂഉടമകളോട് ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പഴയ കൊച്ചി ഏര്യായിൽ ഉൾപ്പെട്ട പ്രദേശങ്ങൾക്ക് ബാധകമായിട്ടുള്ള 1976 ലെ കാണം ടെനൻസി അബോളിഷൻ ആക്റ്റ് പ്രകാരം പ്രസ്തുത പ്രദേശങ്ങളിലെ കാണം ഭൂമിയുടെ കൈവശക്കാരന് ഭൂമിയ്ക്ക് മേൽ പൂർണ്ണമായ ഉടമസ്ഥാവകാശം (full proprietary right) ഉണ്ട്. അവർക്ക് ലാന്റ് ട്രൈബ്യൂണലിൽ നിന്ന് പട്ടയം വാങ്ങേണ്ട ആവശ്യമില്ല. മേൽ പറഞ്ഞ പ്രദേശങ്ങൾ ഒഴിച്ചുള്ള പ്രദേശങ്ങളിലെ കാണം കുടിയാൻമാർ ലാന്റ് ട്രൈബ്യൂണലിൽ നിന്ന് ക്രയസർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ട്. എന്നാൽ നികുതി അടയ്ക്കുന്നതിനും മറ്റും ഇവർക്ക് തടസ്സങ്ങളില്ല. |
| (ബി) | കാണം ഭൂമി പോക്കുവരവ് ചെയ്ത് നികുതി അടച്ച് നൽകുന്നതിന് ആവശ്യമായ നിർദ്ദേശം വില്ലേജ് ഉദ്യോഗസ്ഥർക്ക് നൽകുമോ? | (ബി) | 1976 ലെ കാണം ടെനൻസി അബോളിഷൻ ആക്റ്റ് പ്രകാരം പ്രസ്തുത നിയമം ബാധകമായ പ്രദേശങ്ങളിൽ കാണം ഭൂമി പോക്കുവരവ് ചെയ്ത് നികുതി അടയ്ക്കുന്നതിന് തടസ്സങ്ങളില്ല. ഇക്കാര്യത്തിൽ 05.03.2018 ലെ സ.ഉ. (സാധാ) നം.756/2018/റവ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ